സ്ക്കൂട്ടർ മോഷ്ടാവ് പെരുമ്പാവൂരിൽ പോലീസ് പിടിയിൽ. ചെന്നൈ തിരുവള്ളൂർ ചിന്നകോളനി പെരുമാൾ കോവിൽ സ്ട്രീറ്റിൽ ശരവണൻ (23) ആണ് പെരുമ്പാവൂർ പോലീസിന്റെ പിടിയിലായത്. ഇയാൾ പെരുമ്പാവൂരിൽ നിന്ന് രണ്ട് സ്ക്കൂട്ടറുകളാണ് മോഷ്ടിച്ചത്. കഴിഞ്ഞ ദിവസം പുലർച്ചെ എറണാകുളത്ത് നിന്നുമാണ് പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്.